**16U341** (Pages :1) Name: ……………………

Reg. No……………………

**THIRD SEMESTER B.A. / B.Sc. DEGREE EXAMINATION, NOVEMBER 2017**

(Regular/Supplementary/Improvement)

(CUCBCSS – UG)

## CC15U MAL3 B03 - മലയാളകവിത ഉത്തരഘട്ടം

(Malayalam - Core Course)

(2015 Admission Onwards)

Time: Three Hours Maximum: 80 Marks

### I ഓരോ ചോദ്യത്തിനും ഒറ്റവാക്കിൽ ഉത്തരമെഴുതുക. 1/2 മാർക്ക് വീതം.

1. വിഷ്ണുനാരായണൻ നമ്പൂതിരിക്ക് വയലാർ അവാർഡ് നേടിക്കൊടുത്ത കൃതി ഏത്?
2. അടഞ്ഞ വക്ത്രം നഖരത്താലെ പിളർത്തി അപ്പക്കഷണം നഗരമനുഷ്യന്റെ വായിൽത്തിരുകിയത് ആര്?
3. 'നാടകമേയുലകം' എന്ന ഗാനം ആലപിക്കുന്നത് ആര് ?
4. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ആത്മാംശമുള്ള ഗദ്യകൃതി ഏത്?
5. 'ഇതിഹാസ ഗഹനതയറിയാത്ത തത്തകൾ' ഏത് ഇതിഹാസമാണ് സൂചിതം?
6. കഥകളില്ലാത്ത നാവുകളിൽ നിന്ന് ഉതിർന്നുവീഴുന്നതെന്ത്?
7. ആരുടെ സ്മരണയ്ക്കാണ് കാറ്റാടിമരം നടണമെന്ന് കവി പറയുന്നത്?
8. കേച്ചേരിപ്പുഴ എന്ന കവിതാസമാഹാരം ആരുടേതാണ് ?
9. മേഘരൂപന് എഴുതാൻ പൂഴിവിരിച്ചതാര് ?
10. 'വർണ്ണരാജി' എഴുതിയതാര്?

### II ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും രണ്ടുമാർക്ക് വീതം.

11. 'അവിടെ സൂര്യനുദിയ്ക്കും

    നനഞ്ഞ പച്ചിലകളിലെല്ലാം പുലരി തിളങ്ങും' എവിടെ ? എങ്ങിനെ ?
12. കവി പരസ്വഹാരിയാകുന്നതെങ്ങനെ?
13. മൃത്യുവിനെ അഭിസംബോധന ചെയ്യാൻ അയ്യപ്പപ്പണിക്കർ ഉപയോഗിക്കുന്ന പദങ്ങൾ ഏതെല്ലാം?
14. പൈതൃകസ്മരണകളെ കഥകളിലൂടെ വിനിമയം ചെയ്യുന്നതെങ്ങനെ?
15. 'ഇവനിന്നീ മേഘരൂപന്റെ വംശത്തിൽ ബാക്കിയായവൻ' ആരുടെ വരികൾ? ആരെപ്പറ്റി?

### III ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഖണ്ഡിക രൂപത്തിൽ ഉത്തരമെഴുതുക. അഞ്ചുമാർക്ക് വീതം.

16. 'ക്യമികളസംഖ്യമസംഖ്യം' നഗരത്തിലെ മനുഷ്യജീവിതത്തെ കവി അവതരിപ്പിക്കുന്നതെങ്ങനെ?
17. കാളകളുടേയും കാളവണ്ടിക്കാരന്റേയും ജീവിതത്തെ കവി സമീകരിയ്ക്കുന്നതെങ്ങനെ?
18. "കുഞ്ഞേ തുള്ളാൻ സമയമില്ലിപ്പോൾ" കോഴി പങ്കുവെയ്ക്കുന്ന ജീവിതവീക്ഷണം എന്ത് ?
19. 'നീതിയുടെ വൃക്ഷം' എന്ന സങ്കല്പത്തിന്റെ പ്രസക്തി എന്ത് ?
20. 'ഏതോ വളകിലുക്കം കേട്ടലയും ഭ്രഷ്ടകാമുകൻ' - ആറ്റൂർ, പി. കുഞ്ഞിരാമൻ നായരെ അവതരിപ്പിക്കുന്നതെങ്ങനെയെല്ലാം?
21. കവി മൃത്യുവിനെ വിളിക്കുന്നതെങ്ങനെയെല്ലാം?
22. "ഏതു വിഭ്രമപ്രവാഹത്തിലാചമിയ്ക്കുമ്പോൾ മറവി മീൻകൊത്തിവിഴുങ്ങി

    നാം പണ്ട് കഥകളോർത്തിട്ട പൊന്മോതിരം?" സന്ദർഭവും ആശയവും വിശദീകരിയ്ക്കുക.

### IV ഏതെങ്കിലും നാലു ചോദ്യത്തിന് ഉപന്യാസ രൂപത്തിൽ ഉത്തരമെഴുതുക. പത്തുമാർക്ക് വീതം.

23. ഉർവ്വശിയുടെ നൃത്തത്തിന്റെ അസാധാരണത്വങ്ങളിൽ, പ്രണയം സൃഷ്ടിയ്ക്കുന്ന മാറ്റമെന്തെല്ലാം?
24. മലയാളത്തിലെ പുതുകവിതയുടെ സ്വഭാവം, മോഹനകൃഷ്ണൻ കാലടി, വി.എം. ഗിരിജ, വീരാൻകുട്ടി എന്നിവരുടെ കവിതകളെ മുൻനിർത്തി ഉപന്യസിക്കുക.
25. 'അവസരോചിതൻ' എന്ന കവിതയുടെ സമകാലികത വിശദമാക്കുക.
26. 'ആയിരം നാവുള്ള മൗനം' എന്ന കവിതയിൽ സമീകരിക്കുന്ന വൈരുദ്ധ്യങ്ങൾ എന്തെല്ലാം?
27. 'ശതഭാസ്കര ദീപ്തി ദീപ്തമാം ഗഗനം പോലെ തെളിഞ്ഞു മാനസം നിലകൊള്ളണേ' എന്ന പ്രാർത്ഥനയുടെ പ്രസക്തിയെന്ത് ?
28. 'വീട്ടിലേക്കുള്ള വഴി' കാണിച്ചുതരുന്ന ഗൃഹാതുരത്വക്കാഴ്ചകൾ എന്തെല്ലാം?

*******